**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2119** **14-10-2024 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി താലൂക്ക് ആശുപത്രി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി താലൂക്ക് ആശുപത്രി വികസനവുമായി ബന്ധപ്പെട്ട് നബാർഡ് ഫണ്ടിൽ നിന്നും സംസ്ഥാന ബഡ്ജറ്റിൽ നിന്നും അനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ സ.ഉ.(സാധാ)നം.290/2023/ആ.കു.വ തീയതി 06/02/2023 പ്രകാരം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമിക്കുന്നതിന് 28.5 കോടി (ഇരുപത്തിയെട്ട് കോടി അമ്പത് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി നിർമ്മാണ സ്ഥലത്തെ മരങ്ങൾ മുറിച്ച് മാറ്റിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായി സ്ഥലത്തെ മണ്ണ് മാറ്റൽ പ്രവൃത്തി 90 % പൂർത്തീകരിച്ചിട്ടുണ്ട്. നബാർഡ് പദ്ധതിയിലെ നിർമ്മാണ പ്രവൃത്തികൾ 18 മാസം കൊണ്ട് പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>2019-20 ബജറ്റിൽ ഉൾപ്പെടുത്തി അമെനിറ്റി കെട്ടിടം നിർമ്മിക്കുന്നതിന് 4210-02-104-95-01-(PV) എന്ന ശീർഷകത്തിന് കീഴിൽ 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം അധിക തുക വകയിരുത്തുന്നതിനുള്ള ശിപാർശ പരിശോധിച്ചുവരുന്നു. കെട്ടിട നിർമ്മാണത്തിനായി പഴയ ക്വാർട്ടേഴ്സുകൾ പൊളിച്ചുമാറ്റുന്ന നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് പ്രവൃത്തികൾ പൂർത്തീകരിയ്ക്കേണ്ട സമയക്രമം സഹിതം അറിയിക്കാമോ? | (ബി) | മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ